**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പിരിച്ചുവിട്ട എം. പാനൽ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ സി ആർ മഹേഷ്, ശ്രീ. റോജി എം. ജോൺ , ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പിരിച്ചുവിട്ട എം. പാനൽ ജീവനക്കാർക്ക് കെ-സ്വിഫ്റ്റിൽ ജോലി നൽകുമെന്ന് മുഖ്യമന്ത്രിയും കെ.എസ്.ആർ.ടി.സി. എം.ഡി.യും പ്രഖ്യാപിച്ചത് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ; | (എ) | **കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിച്ചു വിട്ട എംപാനൽ ജീവനക്കാരെ കെ.എസ്. ആർ.ടി.സി.-സിഫ്റ്റിൽ പുനരധിവസിപ്പിക്കുമെന്ന് G.O (MS) No.7/2021/TRANS തീയതി 19/2/2021 സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി. -സിഫ്റ്റ് കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട WP(c) Nos. 5901/2021, 7077/21, 7232/21, 4655/22, 14784/21, CC 1227/21, CC1635/21 എന്നീ കേസുകളിലെ 9/2/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-സിഫ്റ്റിലേക്കുള്ള താത്കാലിക നിയമനം നടത്തുന്നതിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് G.O (MS) No.58/2021/TRANS തീയതി 11/12/2021 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.** |
| (ബി) | ആയത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | **കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിച്ചുവിട്ട എംപാനൽ ജീവനക്കാരെ കെ.എസ്. ആർ.ടി.സി.-സിഫ്റ്റിൽ പുനരധിവസിപ്പിക്കുമെന്ന് G.O (MS) No.7/2021/TRANS തീയതി 19/2/2021 സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി. -സിഫ്റ്റ് കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട WP(c) Nos. 5901/2021, 7077/21, 7232/21, 4655/22, 14784/21,** |

| | | | |
|---|---|---|---|
| | | | **CC 1227/21, CC1635/21 എന്നീ കേസുകളിലെ 9/2/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-സിഫ്റ്റിലേക്കുള്ള താത്കാലിക നിയമനം നടത്തുന്നതിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് G.O (MS) No.58/2021/TRANS തീയതി 11/12/2021 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.** |
| (സി) | എം. പാനലുകാരെ ഒഴിവാക്കി കെ-സ്വിഫ്റ്റിലേക്ക് ജീവനക്കാരെ തെരഞ്ഞെടുക്കാൻ കാരണം പകുതി കൂലി നൽകി ജോലിയെടുപ്പിക്കാനാണ് എന്ന ആരോപണം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ; | (സി) | ഈ ആരോപണത്തിൽ യാതൊരു വസ്തുതയുമില്ല.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് എന്നത് ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ആയതിനാൽ കെ.എസ്.ആർ.ടി.സി.യിലെ സേവന വേതന വ്യവസ്ഥകൾ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ബാധകമല്ല. ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കെ.എസ്.ആർ. ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിന്റെ സേവന വേതന വ്യവസ്ഥകളാണ് ബാധകം. |
| (ഡി) | കെ.എസ്.ആർ.ടി.സി. യിലെ തൊഴിലാളികൾക്ക് നൽകുന്നതിന്റെ പകുതി മാത്രം കൂലി നൽകിയാണോ കെ-സ്വിഫ്റ്റ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് എന്നത് ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ആയതിനാൽ കെ.എസ്.ആർ.ടി.സി.യിലെ സേവന വേതന വ്യവസ്ഥകൾ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ബാധകമല്ല. ഇവിടെ ജോലി ചെയ്യുന്ന ദിവസവേതന തൊഴിലാളികൾക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിന്റെ സേവന വേതന വ്യവസ്ഥകളാണ് ബാധകം. |

സെക്ഷൻ ഓഫീസർ